# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 700** **13/06/2012 ൽ മറുപടിക്ക്**

കൊല്ലത്ത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സംഭരണശാല

**ചോദ്യം**

**ശ്രീ. ജി.എസ്.ജയലാൽ**

**മറുപടി**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി കോമ്പൌണ്ടിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണശാല നിർമ്മിക്കുന്ന കാര്യം വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; | (എ) | 26/09/2011 ലെ ജി.ഒ (ആർ.റ്റി) നം. 3364/2011/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ മരുന്ന് സംഭരണശാല നിർമ്മിക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംഭരണശാല നിർമ്മിക്കുന്നതിലേക്ക് എത്രരൂപ അനുവദിച്ചിട്ടുണ്ടെന്നും സംഭരണശാലയിൽ എന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളും ആധുനിക സംവിധനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) | സംഭരണശാല നിർമ്മിക്കുന്നതിലേക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സർക്കാരിൽനിന്നും അഡിഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മരുന്ന് സംഭരണശാല നിർമ്മാണം ആരംഭിക്കുന്നതിലേക്കായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | സംഭരണശാല നിർമ്മിക്കുന്നതിനായി ആദ്യം അനുവദിച്ച സ്ഥലത്തിനുപകരം പുതിയ സ്ഥലം അനുവദിച്ചതുമൂലം പദ്ധതി പ്രാവർത്തികമാക്കാൻ അധിക ചെലവ് വരുന്നുണ്ട്. തടസ്സം വന്നതിനാൽ ഇപ്പോൾ വർക്ക് ഏൽപ്പിച്ചിരിക്കുന്ന എച്ച്.എൽ.എൽ.ന് പുതിയ ടെൻഡർ വിളിച്ചുമാത്രമേ ചുറ്റുമതിൽ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ